പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --7392 17.07.2012- ൽ മറുപടിക്ക്

തിരികെ വന്ന പ്രവാസികൾക്കുള്ള പുനരധിവാസ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ)സ്വദേശത്തേക്ക് തിരികെ വന്ന പ്രവാസികൾക്കുള്ള പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിന് എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; | (എ) തിരികെയെത്തിയ പ്രവാസി മലയാളികൾക്കുള്ള പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിന് ഈ സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി)പ്രസ്തുത പാക്കേജിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ? | (ബി) തിരികെയെത്തിയ പ്രവാസി മലയാളികൾക്ക് ഒരു സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് മൂലധന/പലിശ സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുക എന്നുള്ളതാണ് നിലവിലുള്ള പ്രവാസി പുനരധിവാസ പദ്ധതിയുടെ ഉദ്ദേശ്യം.പ്രവാസികൾ അവരുടെ സമ്പാദ്യം ഉപയോഗിച്ച് സ്വയംതൊഴിൽ പദ്ധതികളും വികസനോന്മുഖമായ മറ്റു ചെറുകിട വ്യവസായങ്ങളും തുടങ്ങുന്നതു സഹായിക്കാനാണ് ഈ പദ്ധതി. വിവിധ മേഖലകളിൽ അംഗീകരിച്ച സംരംഭത്തിനു വേണ്ട തുകയുടെ നിശ്ചിത ശതമാനം മൂലധന/പലിശ സബ്സിഡി നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ